# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4139 27.06.2012-ൽ മറുപടിയ്ക്ക്

## പാലക്കാട് നിർദ്ദിഷ്ട മെഡിക്കൽ കോളേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ. എ. പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | പാലക്കാട് നിർദ്ദിഷ്ട മെഡിക്കൽ കോളേജിന് 2011-12 വാർഷിക ബജറ്റിൽ തുക നീക്കിവച്ചിരുന്നുവോ; ഇല്ലെങ്കിൽ കോളേജ് ആരംഭിക്കാനുള്ള ഫണ്ട് എവിടെ നിന്നും ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ; | എ | പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ്/ പൂൾഡ് ഫണ്ടുകളിൽ നിന്നും ഫണ്ട് ലഭ്യമാക്കും. |
| ബി | 2011-12 വാർഷിക ബജറ്റിൽ പട്ടികജാതി വകുപ്പിന് നീക്കിവച്ച ഫണ്ടിൽ മെഡിക്കൽ കോളേജിനായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; ഇല്ലെങ്കിൽ ഏതെല്ലാം ഹെഡുകളിൽ ചെലവാകാതിരുന്ന തുകയാണ് ഇതിനായി വിനിയോഗിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | ബി | 2012-13 വാർഷിക ബഡ്ജറ്റിൽ നിന്നുമാണ് ഇതിന്റെ പ്രാരംഭ പ്രവർത്തന ങ്ങൾക്കായി തുക വിനിയോഗിക്കുന്നത്. |
| സി | പ്രസ്തുത മെഡിക്കൽ കോളേജ് ഏതു വകുപ്പിന്റെ നിയന്ത്രണത്തിലായിരിക്കുമെന്നും ജീവനക്കാർ ഏത് വകുപ്പിന്റെ നിയന്ത്രണത്തിലായിരിക്കുമെന്നും ശമ്പളം ഏത് വകുപ്പ് മുഖേന നൽകുമെന്നും വ്യക്തമാക്കുമോ; | സി | പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ. ഇതിലേക്കായി പ്രത്യേക ആവശ്യ സംവിധാന പ്രകാരം ഒരു സൊസൈറ്റി രൂപീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| ഡി | കോളേജിന് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും ഏതു അദ്ധ്യയനവർഷം മുതൽ ക്ലാസുകൾ ആരംഭിക്കുമെന്നും വ്യക്തമാക്കുമോ; | ഡി | 2013-14 അദ്ധ്യയനവർഷം മുതൽ ക്ളാസുകൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിലേക്ക് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം നേടുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഇ | എസ്.സി-എസ്.ടി വിദ്യാർത്ഥികൾക്ക് പ്രവേശനം, ഫീസ് എന്നീ ഇനത്തിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; സംസ്ഥാനത്ത് ആകെ ലഭിക്കുന്ന സീറ്റിനേക്കാൾ കൂടുതൽ സീറ്റുകൾ പ്രസ്തുത കോളേജിൽ ഈ വിഭാഗത്തിന് ലഭിക്കുമോ; വ്യക്തമാക്കുമോ ? | ഇ | സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കുക. |

സെക്ഷൻ ഓഫീസർ